പോലീസുദ്യോഗസ്ഥരെ ആക്രമിച്ച് ഔദ്യോഗീക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയ കേസിൽ ഒരാൾ പിടിയിൽ. ഈസ്റ്റ് മാറാടി പുള്ളോർ കുടിയിൽ വീട്ടിൽ വിഷ്ണു വിജയൻ (26 ) നെയാണ് കല്ലൂർക്കാട് പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ24 ന് ആണ് സംഭവം. കല്ലൂർക്കാട് കടുക്കാഞ്ചിറ ഭാഗത്ത് ഇയാൾ ബഹളമുണ്ടാക്കിയതിനെ തുടർന്ന് അറസ്റ്റ് ചെയ്യാനെത്തിയ പോലീസുദ്യോഗസ്ഥരെയാണ് ആക്രമിച്ചത്.